**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 299** **22-02-2022 - ൽ മറുപടിയ്ക്ക്**

**ആധാർ അധിഷ്ഠിത പൊതുവിതരണ സമ്പ്രദായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ആധാർ അധിഷ്ഠിത പൊതുവിതരണ സമ്പ്രദായത്തിൽ സംസ്ഥാനത്ത് റേഷൻ ഉപഭോക്താക്കൾക്ക് ആധാർ എടുത്തിട്ടില്ല എന്ന കാരണത്താൽ അർഹമായ റേഷൻ നിഷേധിക്കപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം റേഷൻ കാർഡിൽ ഉൾപ്പെട്ട എല്ലാ അംഗങ്ങളുടേയും ആധാർ നമ്പറുകൾ റേഷൻ കാർഡുമായി ബന്ധിപ്പിക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിച്ച് 97% കാർഡുകളിൽ ആധാർ സീഡിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ ആധാർ എടുത്തിട്ടില്ല/ബന്ധിപ്പിച്ചിട്ടില്ല എന്ന കാരണത്താൽ റേഷൻ നിഷേധിച്ചിട്ടില്ല. |
| (ബി) | റേഷൻ കാർഡിൽ ഉൾപ്പെട്ട മുഴുവൻ അംഗങ്ങളുടെയും വിവരങ്ങൾ ആധാറുമായി ബന്ധിപ്പിക്കണമെന്ന കർശന നിർദ്ദേശം പൊതുവിതരണ വകുപ്പ് നല്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ക്ലോസ് എയുടെ മറുപടി കണ്ടാലും. |
| (സി) | റേഷൻ കാർഡിലെ അംഗങ്ങളുടെ വിവരങ്ങൾ ആധാറുമായി ബന്ധിപ്പിച്ചിരിക്കണമെന്ന വ്യവസ്ഥയിൽ നിന്ന് ഏതെങ്കിലും വിഭാഗത്തെയോ വിഭാഗങ്ങളെയോ ഒഴിവാക്കിയിട്ടുണ്ടോ; വിശദമാക്കാമോ ? | (സി) | റേഷൻ കാർഡിൽ പ്രവാസി ആയി രേഖപ്പെടുത്തപ്പെട്ടിട്ടുള്ള അംഗങ്ങൾക്ക് കാർഡുമായി ആധാർ ബന്ധിപ്പിക്കുക എന്നത് നിർബന്ധമല്ല. കൂടാതെ ശാരീരികമോ മാനസികമോ ആയ പ്രശ്നങ്ങളാലോ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നൊഴിഞ്ഞ് ഉൾവനങ്ങളിൽ താമസിക്കുന്നു എന്ന കാരണത്താലോ ആധാർ എടുക്കുന്നതിന് സാധിക്കാത്തവരെയും ഇതിൽ നിന്നും ഒഴിവാക്കുകയും ഇവർക്കായി ഒരു Aadhaar Exemption Module RCMS-ൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ